**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല – റാന്നി അന്തർദേശീയ ചലച്ചിത്രമേളയുടെ സംഘാടനത്തിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1301/2018/തസ്വഭവ                                   തിരുവനന്തപുരം, തീയതി, 10/05/2018

---

പരാമർശം:- 1. റാന്നി ഫിലിം & ഫൈൻ ആർട്സ് സൊസൈറ്റി സെക്രട്ടറിയുടെ 28/03/2018 ലെ അപേക്ഷ

2. ശ്രീ.രാജു അബ്രഹാം എം.എൽ.എ യുടെ 02/04/2018 ലെ കത്ത്.

**ഉത്തരവ്**

2010 മുതൽ തുടർച്ചയായി നടന്നുവരുന്ന റാന്നി അന്തർദേശീയ ചലചിത്രമേളയുടെ എട്ടാമത് പതിപ്പ് ഇത്തവണ ഏപ്രിൽ 20, 21, 22 തീയതികളിൽ റാന്നിയിൽ നടക്കുകയാണെന്നും പത്തനംതിട്ട ജില്ലയിലെ തന്നെ ഏറ്റവും പ്രമുഖമായ ടി ചലച്ചിത്രമേളയുടെ നടത്തിപ്പിനായി പത്തനംതിട്ട ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000/- (പതിനായിരം) രൂപ വീതം അനുവദിക്കാനുള്ള യഥേഷ്ടാനുമതി നൽകണം എന്നും പരാമർശ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നി അന്തർദ്ദേശീയ ചലചിത്രമേളയുടെ എട്ടാമത് പതിപ്പിന്റെ സംഘാടന ചെലവുകൾക്ക് പത്തനംതിട്ട ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000/- (പതിനായിരം) രൂപ വീതം അവരുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ